പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3873 — 24-06-2014 -ൽ മറുപടിക്ക്.

ഭവന നിർമ്മാണ വായ്പ എഴുതിത്തള്ളുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. എസ്. ശർമ്മ | ശ്രീ. കെ. എം. മാണി (ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി) |
| (എ) ഭവന നിർമ്മാണ വായ്പാ കുടിശ്ശികയുള്ള ദുർബല വിഭാഗക്കാരുടെ വായ്പ എഴുതിത്തള്ളുന്നതിന് സ്വീകരിച്ച നടപടി വ്യക്തമാക്കാമോ; | (എ) 20/05/2009-ലെ സ.ഉ.(എം.എസ്.) 21/2009/ഭവനം പ്രകാരം 1977 മുതൽ 1995 വരെയുള്ള കാലഘട്ടത്തിൽ വായ്പയെടുത്ത ദുർബ്ബല വിഭാഗക്കാരുടെ വായ്പകൾ എഴുതിത്തള്ളിയിട്ടുണ്ട്. 08/11/2011- ലെ സ.ഉ(എം.എസ്)നം.34/2011 ഭവനം പ്രകാരം 1996-ൽ ദുർബ്ബല വരുമാന വിഭാഗക്കാർക്കായി നടപ്പിലാക്കിയ മൈത്രി ഭവനവായ്പാ പദ്ധതി പ്രകാരം പൂർണ്ണമായും ഗഡുക്കൾ കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വായ്പയും എഴുതിത്തള്ളുകയുണ്ടായി. |
| (ബി) ഇത്തരത്തിൽ വൈപ്പിൻ മണ്ഡലത്തിലെ എത്രപേരുടെ അപേക്ഷ പരിഗണിച്ചുവെന്നും വായ്പ എഴുതിത്തള്ളുന്നതിനും ഗഡുക്കളാക്കി അടയ്ക്കുന്നതിനും എത്ര പേർക്ക് അനുവാദം നൽകിയെന്നും വ്യക്തമാക്കാമോ; | (ബി) വൈപ്പിൻ മണ്ഡലത്തിൽ നിന്നും ദുർബ്ബലവിഭാഗത്തിൽപ്പെട്ട 181-ഓളം പേരുടെ വായ്പ എഴുതിത്തള്ളിയിട്ടുണ്ട്. ദുർബ്ബലവിഭാഗത്തിൽപ്പെട്ട എല്ലാ ഗുണഭോക്താക്കളുടെയും വായ്പ എഴുതിത്തള്ളിയിട്ടുള്ളതിനാൽ ഗഡുക്കൾ അനുവദിക്കേണ്ടതായി വന്നിട്ടില്ല. |
| (സി) സംസ്ഥാനത്താകെ വായ്പാ ക്കുടിശ്ശിക എഴുതിത്തള്ളിയവരുടെ എണ്ണവും ഗഡുക്കളായി അടയ്ക്കുന്നതിനുള്ള അനുവാദം നൽകിയവരുടെ എണ്ണവും വ്യക്തമാക്കാമോ? | (സി) 22/05/2007-ലെ സ.ഉ (എം.എസ്) 18/2007/ഭവനം പ്രകാരം അർഹരായ രോഗികളും അശരണരുമായ 109 ഗുണഭോക്താക്കളുടെ വായ്പാ കുടിശ്ശിക മുഴുവനായും എഴുതിത്തള്ളുകയും ഭാഗികമായി ഇളവ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്താകെ ഭവന നിർമ്മാണ ബോർഡിൽ നിന്നും വായ്പയെടുത്ത ദുർബ്ബല വിഭാഗക്കാരുടെ ഭവന വായ്പ |

20/05/2009-ലെ സ.ഉ (എം.എസ്) നം.21/2009/വനം പ്രകാരം 25,002 പേരുടെയും , 08/11/2011-ലെ സ.ഉ (എം.എസ്) നം. 34/2011/വനം പ്രകാരം മൈത്രീവന പദ്ധതിയുടെ വായ്പാ ഗഡുക്കൾ പൂർണ്ണമായും കൈപ്പറ്റിയ 38,384 ഗുണഭോക്താക്കളുടെ വായ്പയും എഴുതിത്തള്ളുകയുണ്ടായി. ഈ വായ്പകൾ പൂർണ്ണമായും എഴുതിത്തള്ളിയിട്ടുള്ളതിനാൽ ഗഡുക്കൾ അനുവദിക്കേണ്ടതായി വന്നിട്ടില്ല. വിവിധ ജില്ലകളിൽ നടത്തിയ അദാലത്തുകൾ മുഖാന്തിരം 631 പേരുടെ വായ്പാകുടിശ്ശിക ഭാഗികമായി എഴുതിത്തള്ളുകയുണ്ടായി.

സെക്ഷൻ ഓഫീസർ